## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2643**.

**09-05-2017 ൽ മറുപടിയ്ക്ക്**

## 2006-11 കാലയളവിലെ വിവിധ കാർഷിക വികസനപദ്ധതികൾ

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2006-11 കാലയളവിൽ നെൽകൃഷി വികസനം, നാളികേര വികസനം, ഹൈടെക് കൃഷി, കുട്ടനാട്-ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ്, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി, കർഷക പെൻഷൻ, നിറവ്-വയനാട് പാക്കേജ്, വിള ആരോഗ്യപരിപാലനം, കൂടുതൽ പേരെ കർഷക പെൻഷൻ പദ്ധതിയിലുൾപ്പെടുത്തൽ എന്നീ പദ്ധതികൾക്കായി എത്ര തുക ചെലവാക്കി; പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിലെ നേട്ടങ്ങളും കോട്ടങ്ങളും എന്തെന്ന് വ്യക്തമാക്കുമോ; | (എ) | 2006-2011 കാലയളവിൽ നെൽകൃഷി വികസനത്തിനായി 40414.65 ലക്ഷം രൂപയും നാളികേര വികസനത്തിനായി 9567.68204 ലക്ഷം രൂപയും കുട്ടനാട് ഇടുക്കി പാക്കേജുകൾക്കായി 2749.23 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 196.55 ലക്ഷം രൂപയും കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി 12505.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>16.8.2011-ലെ സർക്കാർ ഉത്തരവ് നമ്പർ 197/2011/കൃഷി പ്രകാരം ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്ക് മാസത്തിൽ 300/- രൂപ പെൻഷൻ അനുവദിച്ച് ഉത്തരവായി.<br>ഹൈടെക് കൃഷി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലനം എന്നീ പദ്ധതികൾ 2006-11 കാലയളവിൽ നിലവിലുണ്ടായിരുന്നില്ല.<br>മേൽ പറഞ്ഞ പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും അടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ 2011-12 മുതൽ 2015-16 വരെയുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2011-2016 കാലയളവിൽ നെൽകൃഷി വികസനത്തിനായി 52860.8 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ്പയും, നാളികേര വികസനത്തിനായി 22763.95148 ലക്ഷം രൂപയും ഹൈടെക്ക് കൃഷിക്കായി 3070.9196 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 3990.27424 ലക്ഷം രൂപയും കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി 16915.21306 ലക്ഷം രൂപയും കർഷക പെൻഷൻ പദ്ധതിയ്ക്കായി 32738 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>2011-12 വർഷത്തിൽ നിറവ് പദ്ധതി ആവിഷ്കരിച്ചിട്ടില്ലായിരുന്നു. 2012-13 വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളിലെ പ്രൊജക്ടുകൾ ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകരിച്ച് ടി പദ്ധതിയ്ക്കായി 637.12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ നിറവ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ തെരഞ്ഞെടുക്കപ്പെട്ട നിയോജകമണ്ഡലങ്ങളിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രാധാന്യം നൽകി നടപ്പിലാക്കി. 2015-16 -ൽ പദ്ധതി നിലവിലുണ്ടായിരുന്നില്ല.<br>വയനാട് പാക്കേജ് പദ്ധതി 2012-13 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ 60.53 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതി 2013-14 വർഷത്തിലാണ് ആരംഭിച്ചത്. 2013-14 മുതൽ 2015-16 വരെ 2796.35283 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>മേൽ പറഞ്ഞ പദ്ധതികളുടെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളിൽ 2016-17 കാലയളവിലെ നേട്ടങ്ങളും തുടർ നടപടികളും എന്തെല്ലാം; മറ്റു പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ? | (സി) | 2016-17 കാലയളവിൽ നെൽകൃഷി വികസനത്തിനായി 9132.66181 ലക്ഷം രൂപയും നാളികേര വികസനത്തിനായി 3803.7726 ലക്ഷം രൂപയും ഹൈടെക് കൃഷി പദ്ധതിയ്ക്കായി 114.10 ലക്ഷം രൂപയും കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ 3496.32 ലക്ഷം രൂപയും വിള ആരോഗ്യ പരിപാലന പദ്ധതിക്കായി 1201.18703 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>2016-17 കാലയളവിൽ കുട്ടനാട് ഇടുക്കി പാക്കേജുകൾ, നിറവ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ച് പുനരാവിഷ്കരിച്ച് വിള ഇൻഷ്വറൻസ് പദ്ധതിയായി നടപ്പിലാക്കി വരുന്നു.<br>26.9.2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 133/16/കൃഷി ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>മേൽ പരാമർശിച്ച പദ്ധതികളുടെ നേട്ടങ്ങളും തുടർനടപടികളും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്